# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2122** **11.02.2020-ൽ മറുപടിക്ക്**

## ആരോഗ്യ ജാഗ്രത പദ്ധതി

**ചോദ്യം**

**ശ്രീമതി ഇ.എസ്.ബിജിമോൾ**
**ശ്രീ.ജി.എസ്.ജയലാൽ**
**,, ഇ.ടി. ടൈസൺ മാസ്റ്റർ**
**ശ്രീമതി സി.കെ. ആശ**

**മറുപടി**

**കെ.കെ.ശൈലജ ടീച്ചർ**
(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)

**എ)** ആരോഗ്യവകുപ്പ് ആവിഷ്കരിച്ച 'ആരോഗ്യ ജാഗ്രത' പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ;

**എ)** 2018, 2019 വർഷങ്ങളിൽ പകർച്ചവ്യാധി പ്രതിരോധ, നിയന്ത്രണ കർമ്മപരിപാടിയായ 'ആരോഗ്യ ജാഗ്രത' വിവിധ വകുപ്പുകളുടെയും, ഏജൻസികളുടെയും പൊതുജനങ്ങളുടെയും പങ്കാളിത്തത്തോടെ സമയബന്ധിതമായ പ്രവർത്തന കലണ്ടർ അനുസരിച്ച് ആരോഗ്യവകുപ്പ് നടപ്പിലാക്കി. തത്ഫലമായി 2017 നെ അപേക്ഷിച്ച് പനി, ഡെങ്കിപ്പനി, മലമ്പനി തുടങ്ങിയ പകർച്ചവ്യാധികളും അവ മൂലമുള്ള മരണങ്ങളും ഈ രണ്ട് വർഷങ്ങളിലും കുറയ്ക്കുവാൻ സാധിച്ചു. ഈ സാഹചര്യത്തിൽ 2020-ലും ആരോഗ്യജാഗ്രത കൂടുതൽ കാര്യക്ഷമമായി സംസ്ഥാനത്ത് നടപ്പിലാക്കുകയാണ്. ഇതിനുള്ള തയ്യാറെടുപ്പുകൾ 2019 ഡിസംബറിൽ തന്നെ ആരംഭിച്ചു.

2020-ലെ ആരോഗ്യജാഗ്രതയുടെ സംസ്ഥാനതല കർമ്മപരിപാടിക്ക് അന്തിമരൂപം നൽകി. ജനുവരി 15 ന് ബഹു.ആരോഗ്യവകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ ഇന്റർസെക്ടറൽ കോർഡിനേഷൻ സമിതിയോഗം നടത്തി. ഓരോ വകുപ്പുകളും സ്വീകരിക്കേണ്ട പ്രവർത്തനങ്ങളെപ്പറ്റി ചർച്ച നടത്തി. ജനുവരി 23-ന് ബഹു.കേരള മുഖ്യമന്ത്രി ആരോഗ്യജാഗ്രതയുടെ സംസ്ഥാനതല ഉദ്ഘാടനം നിർവ്വഹിച്ചു. ആരോഗ്യജാഗ്രതാ കൈപ്പുസ്തകം പ്രവർത്തന കലണ്ടർ ഉൾപ്പെടെ തയ്യാറാക്കി, ജില്ലാതല ആരോഗ്യജാഗ്രതാ പ്രവർത്തനങ്ങൾ പ്രവർത്തന കലണ്ടർ

പ്രകാരം നടന്നുവരുന്നു. ഇതോടൊപ്പം സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ ഭാഗമായി മലമ്പനി, ക്ഷയം, മന്ത് രോഗം, കുഷ്ഠരോഗം തുടങ്ങിയവ നിവാരണം ചെയ്യുവാനുള്ള നടപടികളും നടന്നുവരുന്നു. നമ്മുടെ ആരോഗ്യം നമ്മുടെ ഉത്തരവാദിത്വം എന്ന മുദ്രാവാക്യത്തോടെ ആർദ്രം ജനകീയ കാമ്പയിൻ പരിപാടികളും പ്രതിദിനം പ്രതിരോധം എന്ന മുദ്രാവാക്യത്തോടെ ആരോഗ്യ ജാഗ്രതാ പ്രവർത്തനങ്ങളും മുന്നേറി വരികയാണ്.

**ബി)** ഏതൊക്കെ വകുപ്പുകളുമായി ചേർന്നാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ;

**ബി)** ആരോഗ്യവകുപ്പിനൊപ്പം തദ്ദേശ സ്വയംഭരണ വകുപ്പ്, വിദ്യാഭ്യാസം, ജലവിഭവം, കൃഷി, മൃഗസംരക്ഷണം, സാമൂഹ്യനീതി, തൊഴിൽ, പൊതുമരാമത്ത് , റവന്യൂ, ഫിഷറീസ്, ആഭ്യന്തരം, പട്ടിക-വർഗ്ഗവികസനം, പബ്ലിക് റിലേഷൻസ് വകുപ്പുകൾ, റെയിൽവേ തുടങ്ങിയവയുടെ സഹകരണത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കി വരുന്നത്.

**സി)** ആരോഗ്യ ജാഗ്രതാ പദ്ധതിയുമായി സഹകരിക്കുന്ന വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ;

**സി)** തദ്ദേശ സ്വയംഭരണ വകുപ്പിന്റെ നേതൃത്വത്തിൽ ആരോഗ്യവകുപ്പ്, ശുചിത്വമിഷൻ, ഹരിത കേരള മിഷൻ തുടങ്ങിയവയുടെ നേതൃത്വത്തിൽ മാലിന്യ നിർമ്മാർജ്ജനം, പരിസര ശുചീകരണം, കൊതുകുറവിട നശീകരണം, രോഗപ്രതിരോധ - ബോധവത്കരണ കാമ്പയിനുകൾ നടപ്പിലാക്കുക, വാർഡ്തല ആരോഗ്യ ശുചിത്വ സമിതികളെ ശാക്തീകരിച്ച് ഫണ്ട് ലഭ്യമാക്കി ആരോഗ്യസേനയെ നിയോഗിച്ച് പകർച്ചവ്യാധി പ്രതിരോധം നടപ്പിലാക്കുക, ജലവിഭവ വകുപ്പിന്റെ സഹായത്തോടെ ശുദ്ധമായ കുടിവെള്ളം ഇടതടവില്ലാതെ ലഭ്യമാക്കുക, സാമൂഹ്യനീതി വകുപ്പിന്റെ സഹായത്തോടെ പ്രതിരോധ പ്രവർത്തകരെ ലഭ്യമാക്കുക, തൊഴിൽ വകുപ്പിന്റെ സഹായത്തോടെ അതിഥി തൊഴിലാളി തൊഴിൽ/താമസ കേന്ദ്രങ്ങളിൽ ആരോഗ്യസുരക്ഷ ഉറപ്പാക്കുക, വിദ്യാഭ്യാസ വകുപ്പിന്റെ സഹായത്തോടെ വിദ്യാർത്ഥികളിൽ ആരോഗ്യ അവബോധമുണ്ടാക്കി ആരോഗ്യജാഗ്രതാ പ്രവർത്തനങ്ങളിൽ

പങ്കാളികളാകുക, കൃഷി വകുപ്പിന്റെ സഹായത്തോടെ കർഷകർക്കിടയിൽ രോഗപ്രതിരോധം സഫലമാക്കുകയും ജൈവമാലിന്യ സംസ്കരണം കാര്യക്ഷമമാക്കുകയും ചെയ്യുക, മൃഗസംരക്ഷണ വകുപ്പിന്റെ സഹായത്തോടെ ജന്തുജന്യരോഗ പ്രതിരോധ പ്രവർത്തനങ്ങൾ നടപ്പിലാക്കുക, പൊതുമരാമത്ത് വകുപ്പിന്റെ പങ്കാളിത്തത്തോടെ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുമ്പോൾ പകർച്ചവ്യാധി സാഹചര്യം ഉണ്ടാകാതിരിക്കാൻ വേണ്ടത് ചെയ്യുക, ഫിഷറീസ് വകുപ്പ് വഴി തീരദേശമേഖലകളിൽ പകർച്ചവ്യാധി പ്രതിരോധം നടപ്പിലാക്കുക തുടങ്ങിയവ.

| | |
|---|---|
| **ഡി)** ത്രിതല ആരോഗ്യ സംവിധാനങ്ങളെ ശക്തിപ്പെടുത്തിക്കൊണ്ട് 'ആർദ്രം മിഷൻ' നടത്തുന്ന പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ? | **ഡി)** ത്രിതല ആരോഗ്യ സംവിധാനങ്ങളെ ശക്തിപ്പെടുത്തിയും നൂതന ആരോഗ്യപരിപാടികൾക്ക് രൂപം നൽകിയും ആർദ്രം മിഷന്റെ ഭാഗമായും പ്ലാൻ ഫണ്ടും വിവിധ പദ്ധതികളും ഉപയോഗിച്ചും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയും പൊതുമേഖലാ ചികിത്സാ സംവിധാനങ്ങളെ ശക്തിപ്പെടുത്താനുള്ള നടപടികളാണ് ആരോഗ്യവകുപ്പ് നടപ്പിലാക്കി വരുന്നത്.<br>കിഫ്ബി, നബാർഡ്, പ്ലാൻ ഫണ്ട് മുതലായ വിവിധ ഫണ്ടുകൾ ഉപയോഗിച്ച് മാസ്റ്റർ പ്ലാനിന് ഊന്നൽ കൊടുത്തുകൊണ്ടുള്ള നിർമ്മാണ പ്രവർത്തനങ്ങളാണ് അടിസ്ഥാന സൗകര്യ വികസനത്തിനായി നടപ്പിലാക്കി വരുന്നത്. എം.ആർ.ഐ, സി.റ്റി. സ്കാനുകൾ, കാത്ത് ലാബ്, ഡയാലിസിസ് യൂണിറ്റ് അടക്കമുള്ള ആധുനിക ആശുപത്രി സൗകര്യങ്ങൾ വിവിധ പദ്ധതികളുടെ ഭാഗമായി നടപ്പിലാക്കി വരുന്നു. 17 ജില്ലാതല ആശുപത്രികളിൽ മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയ മൂന്ന് സ്ഥാപനങ്ങളിൽ ഒഴികെ ഒ.പി വിഭാഗം രോഗീ സൗഹൃദമാക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായി വരുന്നു. 8 താലൂക്കാശുപത്രികളിൽ ഒ.പി വിഭാഗം രോഗീസൗഹൃദമാക്കുന്നതിനുള്ള നടപടികൾ |

വിവിധ ഘട്ടങ്ങളിലായി നടന്നുവരുന്നു.

പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന്റെ ഭാഗമായി 2017-18 ൽ 170 പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ തിരഞ്ഞെടുക്കുകയും 162 എണ്ണം (പ്രളയബാധിതമായ രണ്ടെണ്ണമടക്കം) നിർമ്മാണ പ്രവർത്തനം പൂർത്തിയാക്കി. രണ്ടാം ഘട്ടത്തിൽ തിരഞ്ഞെടുത്ത 504 സ്ഥാപനങ്ങളിൽ 77 എണ്ണത്തിന്റെ നിർമ്മാണം പൂർത്തീകരിക്കുകയും മറ്റുള്ളവ വിവിധ ഘട്ടങ്ങളിലായി നിർമ്മാണം നടന്നു വരികയും ചെയ്യുന്നു. ആശുപത്രികളുടെ സുഗമമായ പ്രവർത്തനത്തിനായി ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ആരോഗ്യ ഡയറക്ടറേറ്റിനു കീഴിൽ മാത്രം 3159 തസ്തികകൾ അടക്കം ആകെ 5249 തസ്തികകൾ ആരോഗ്യവകുപ്പിൽ പുതുതായി സൃഷ്ടിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**